ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ, ബി) ഇറക്കുമതി ചെയ്യുന്ന പഞ്ചസാര 5% വില്പനനികുതിക്കു വിധേയമാണ്.

(സി, ഡി) ഇറക്കുമതി ചെയ്ത പഞ്ചസാര വില്പന നികുതിക്കു വിധേയമായതുകൊണ്ട് തർക്കത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല.

എന്നാൽ വില്പന നികുതി ഇളവ് അനുവദിക്കണമെന്നു ഭക്ഷ്യവകുപ്പും കേന്ദ്രഗവൺമെന്റും ശുപാർശ ചെയ്തതിനെത്തുടർന്ന് ഇറക്കുമതി ചെയ്ത പഞ്ചസാരയിൽ ആദ്യത്തെ അലോട്ടുമെന്റ് 3300 ടൺ, വില്പന നികുതിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

അനധികൃത കള്ളുഷാപ്പുകളും വ്യാജവാറും

* 410 [470] ശ്രീ. സി. പി. മൂസ്സാൻകുട്ടി:

,, എം. വി. രാഘവൻ:

,, കെ. പുരുഷോത്തമൻ:

,, സി. കെ. ചക്രപാണി:

,, സി. ടി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃത കള്ളുഷാപ്പുകളും വ്യാജവാറും വില്പനയും വർദ്ധിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ തടയുന്നതിന് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ;

(സി) അബ്കാരി നിയമം കാലോചിതമായി പരിഷ്ക്കരിക്കുമോ?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ):

(എ) ഇല്ല. എന്നാൽ അനധികൃതഷാപ്പുകളും വ്യാജവാറും നടക്കുന്നു എന്നുള്ള ഒറ്റപ്പെട്ട പരാതികൾ ലഭിക്കാറുണ്ട്.

(ബി) പരാതികളിൻമേൽ അന്വേഷണംനടത്തി കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) അബ്കാരിനിയമം പരിഷ്ക്കരിക്കുന്നകാര്യം പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

പൊതുമരാമത്തുവകുപ്പിലും ജലസേചനവകുപ്പിലും സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥൻമാർ

* 411 [471] ശ്രീ. കെ. കൃഷ്ണൻകുട്ടി:

,, ആർ. എസ്. ഉണ്ണി:

,, എ. വി. താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 മേയ് 1 മുതൽ ജൂലായ് 20 വരെ പൊതുമരാമത്തു വകുപ്പിലും ജലസേചന വകുപ്പിലും ആകെ എത്ര ഉദ്യോഗസ്ഥൻമാരെ സ്ഥലംമാറ്റിയിട്ടുണ്ട്. അതിൽ ബി ആൻഡ് ആർ വിഭാഗത്തിൽ എത്ര; ജലസേചന വകുപ്പിൽ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ തസ്തികയിലും എത്ര വീതമെന്ന് വെളിപ്പെടുത്താമോ;

(സി) ഈ വർഷം പൊതുസ്ഥലംമാറ്റം നടത്തരുതെന്ന് ഗവൺമെൻറ് പൊതുമരാമത്തു വകുപ്പിനെ അറിയിച്ചിരുന്നോ ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ):

(എ) ബി ആൻറ് ആർ വിഭാഗത്തിൽ 158-ഉം ജലസേചന വിഭാഗത്തിൽ 200 ഉം ഉൾപ്പടെ ആകെ 358 ഉദ്യോഗസ്ഥൻമാരെ സ്ഥലം മാറ്റിയിട്ടുണ്ട്.

(ബി) തസ്തിക തിരിച്ചുള്ള വിവരം മേശപ്പുറത്ത് വച്ചിട്ടുണ്ട്. †

(സി) ഇല്ല

ഒന്നാം ക്ലാസിലെ പ്രമോഷൻ

* 412 [472] ശ്രീ. കെ. പി. രാമൻ: താഴെക്കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഒന്നാം ക്ലാസിൽനിന്നും എല്ലാവരെയും ജയിപ്പിക്കുകയെന്ന ഇന്നത്തെ സമ്പ്രദായം നിർത്തൽ ചെയ്യാനുദ്ദേശിക്കുന്നുണ്ടോ;

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

ഇല്ല.

വിദ്യാർത്ഥികൾക്കുള്ള സമ്പാദ്യ പദ്ധതി

* 413 [473] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ:
,, കെ. കെ. ബാലകൃഷ്ണൻ:
,, എ. സി. ഷൺമുഖദാസ്:
,, എ. കെ. ശശീന്ദ്രൻ:
,, വി. സി. കബീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കുള്ള സമ്പാദ്യപദ്ധതി അനുസരിച്ച് 1984-85-ലെ ലക്ഷ്യം എത്ര ആയിരുന്നു;

(ബി) നിക്ഷേപമായി എന്തുതുക പിരിഞ്ഞുകിട്ടി;

(സി) ഇതുവരെയായി എത്ര വിദ്യാർത്ഥികൾ പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) വിദ്യാർത്ഥികൾക്കുള്ള സമ്പാദ്യപദ്ധതിയുടെ 1984-85-ലെ ലക്ഷ്യം 8 കോടിരൂപയായിരുന്നു.

(ബി) നിക്ഷേപമായി 5,109.488 രൂപാ പിരിഞ്ഞുകിട്ടി.

(സി) ഒന്നേമുക്കാൽ ലക്ഷത്തോളം വിദ്യാർത്ഥികൾ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 471 കാണുക]

		ബി ആൻറ് ആർ	ഇറിഗേഷൻ	ആകെ
1.	ചീഫ് എഞ്ചിനീയർ	1	1	1
2.	സൂപ്രണ്ടിംഗ് എഞ്ചിനീയർ		3	3
3.	എക്സിക്യൂട്ടീവ് എഞ്ചിനീയർ	2	1	3
4.	അസി: എക്സിക്യൂട്ടിവ് എഞ്ചിനീയർ	45	51	106
5.	അസിസ്റ്റൻറ് എഞ്ചിനീയർ	25	37	62
6.	ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മേൻ	3	3	6
7.	സെക്കൻറ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മേൻ	9	6	15
8.	തേർഡ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മേൻ	10	7	17
9.	ആർക്കിടെക്ടറൽ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മേൻ	1	..	1
10.	അസിസ്റ്റൻറ് എഞ്ചിനീയർ (റേഡിയോ)	2	..	2
11.	റേഡിയോ മെക്കാനിക്ക്	2	..	2
12.	ഇലക്ട്രിക്കൽ ലൈൻമാൻ	2	..	2
13.	അസിസ്റ്റൻറ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	2	..	2
14.	സെക്കൻറ് ഗ്രേഡ് ഓവർസീയർ (ഇലക്ട്രിക്കൽ)	1	..	1
15.	ഡ്യൂപ്ലിക്കേറ്റർ	2	1	3
16.	സീനിയർ സൂപ്രണ്ട്	2	1	3
17.	ജൂനിയർ സൂപ്രണ്ട്	5	14	19
18.	ഹെഡ് ക്ലാർക്ക്	6	10	16
19.	യു.ഡി.ക്ലാർക്ക്	16	24	40
20.	എൽ.ഡി. ക്ലാർക്ക്	3	15	18
21.	ഫെയർ കോപ്പി സൂപ്രണ്ട്	2	..	2
22.	കോൺഫിഡൻഷ്യൽ അസിസ്റ്റൻറ്	1	..	1
23.	ടൈപ്പിസ്റ്റ്	3	2	5
24.	പ്യൂൺ	3	5	8
25.	റോളർ ഡ്രൈവർ	..	1	1
26.	വർക്ക് സൂപ്രണ്ട്	3	1	4
27.	എൻ.എം.ആർ	1	..	1
28.	ലാസ്ക്കർ	2	1	3
29.	വാച്ചർ	3	2	5
30.	വെൽഡർ	..	1	1
31.	മെക്കാനിക്കൽ ഓപ്പറേറ്റർ	..	1	1
32.	ഡ്രൈവർ	2	2	4
		158	200	358

LIBRARY ARCHIVES Kerala Legislative Assembly